# Athmaraksha.org

വിശുദ്ധ യൗസേപ്പപിതാവിന്റെ വണക്കമാസം-March

## March 10



വിശുദ്ധ യൗസേപ്പപിതാവിന്റെ വണക്കമാസം: പത്താം തീയതി
'ജോസഫ് നിദ്രയിൽനിന്ന് ഉണർന്ന്, കർത്താവിന്റെ ദൂതൻ കൽപിച്ചതുപോലെ പ്രവർത്തിച്ച്; അവൻ തന്റെ ഭാര്യയെ സ്വീകരിച്ചു' (മത്തായി 1:24).
വിശുദ്ധ യൗസേപ്പ്മാതൃകാ തൊഴിലാളി
വിശുദ്ധ യൗസേപ്പ് വിശ്വകർമ്മാവിന്റെ ജോലിയാണ് നിർവഹിച്ചിരുന്നത്. അദ്ദേഹം ദാവീദിന്റെ രാജവംശത്തിലാണ് ജനിച്ചതെങ്കിലും ഒരു ആശാരിയുടെ ജോലി ചെയ്യുന്നതിന് വൈമുഖ്യം കാണിച്ചില്ല. വി. യൗസേപ്പ് ജോലി ചെയ്തത് കേവലം സാമ്പത്തിക നേട്ടങ്ങൾക്ക് വേണ്ടി മാത്രമല്ല, പ്രത്യുത സ്വന്തം കുടുംബത്തിനു സേവനമർപ്പിക്കുക എന്ന ലക്ഷ്യത്തോടെയായിരുന്നു. മനുഷ്യന്റെ പരിത്രാണ പരിപാടിയിൽ തൊഴിലിനും സ്ഥാനമുണ്ട്. അത് നമ്മെ മനസ്സിലാക്കുന്നതിനു വേണ്ടിയാണ് ദൈവകുമാരനും അവിടുത്തെ വളർത്തു പിതാവും ഒരു തച്ചന്റെ ജോലി ചെയ്തത്. വേലയോടുള്ള നമ്മുടെ സമീപനവും വീക്ഷണവുമാണ് നമ്മുടെ ജീവിതത്തെ അർത്ഥപൂർണ്ണവും സൗഭാഗ്യദായകവുമാക്കിത്തീർക്കുന്നത്. ചിലർ വേലയെ ദൈവമാക്കി പ്രതിഷ്ഠിക്കുന്നു. മനുഷ്യവ്യക്തിയുടെ മഹത്വമാണ് ഓരോ ജോലിയെയും ധന്യമാക്കുന്നത്. ക്രിസ്തുവിന്റെ ജീവിതമരണോത്ഥാനങ്ങളുടെ വെളിച്ചത്തിൽ വേലയെ വിലയിരുത്തണം. നാം ചെയ്യുന്ന ഓരോ ജോലിയുടെയും സാമൂഹ്യമായ മൂല്യം കണക്കിലെടുക്കേണ്ടിയിരിക്കുന്നു. തൊഴിലാളികൾക്ക് ന്യായമായ കൂലി കൊടുക്കേണ്ടതാവശ്യമാണ്. എന്നാൽ സംഘടിത തൊഴിലാളി വർഗ്ഗം തൊഴിലിനെ സമരായുധമായി ഉപയോഗിച്ച് അതിന്റെ മാഹാത്മ്യത്തെ നശിപ്പിച്ചു കളയരുത്. തൊഴിലാളികളും മുതലാളികളും തമ്മിലുള്ള ബന്ധം ക്രിസ്തീയമായ ഉപവിയിൽ നയിക്കപ്പെടണം. അല്ലെങ്കിൽ അസ്വസ്ഥതയും അസമാധാനവും വിപ്ലവവുമായിരിക്കും അനുഭവപ്പെടുക.
തൊഴിലാളികളും മുതലാളികളും ക്രിസ്തുവിന്റെ മൗതിക ശരീര നിർമ്മിതിയിലാണ് ഏർപ്പെട്ടിരിക്കുന്നത് എന്നുള്ള വസ്തുത നാം വിസ്മരിക്കരുത്. തിരുസഭ തൊഴിലാളികളുടെയും മുതലാളികളുടെയും മാതാവാണ്. രണ്ടു കൂട്ടരേയും സഭാമാതാവ് സ്നേഹപൂർവ്വം അവരുടെ ചുമതലകൾ അനുസ്മരിപ്പിക്കുന്നുണ്ട്. ക്രിസ്തുവും അവിടുത്തെ വളർത്തു പിതാവും തൊഴിലാളികളായിരിക്കെ കത്തോലിക്കാ സഭയ്ക്ക് തൊഴിലാളികളെ വിസ്മരിക്കുവാൻ

സാധിക്കുകയില്ല.

സംഭവം

കത്തോലിക്കാ മതാന്തരീക്ഷത്തിൽ വളർന്ന ഒരു യുവാവ് വിദ്യാഭ്യാസ യോഗ്യതകൾ പലതും കൈവരിച്ച ശേഷം വീട് വിട്ടിറങ്ങിപ്പോയി. അക്രമ പ്രവർത്തനങ്ങളിൽ മുഴുകി വയനാടൻ മലകളിൽ കഴിഞ്ഞിരുന്ന ഒരു! സംഘവുമായി കൂട്ടുചേർന്ന്! വളരെ ഹീനമായ പല കൊലപാതകങ്ങൾക്കും അയാൾ കൂട്ടുനിന്നു. ഈ യുവാവിന്റെ വീടിന്റെ സമീപത്തുള്ള ഒരു കുടുംബത്തിൽ കവർച്ച നടത്തുവാൻ അക്രമസംഘം തീരുമാനിച്ചു. കവർച്ചയുടെ തലേദിവസം കവർച്ച ചെയ്യപ്പെടുന്ന കുടുംബത്തെക്കുറിച്ചുള്ള എല്ലാ വിവരങ്ങളും ശേഖരിക്കുവാൻ മേൽപ്പറഞ്ഞ യുവാവ് നിയുക്തനായി. അതനുസരിച്ച് അവൻ സ്വന്തം വീട്ടിലെത്തി. തന്റെ വീട്ടിൽ അന്ന് വി. യൗസേപ്പ് പിതാവിന്റെ ഭക്തി ആചരിക്കുകയും ഈ പിതാവിന്റെ സ്തുതിക്കായി പാവപ്പെട്ട ഒരു കുടുംബത്തിന് അത്താഴം കൊടുക്കുകയും ചെയ്തിരുന്നു. ഈ കാഴ്ച കണ്ടപ്പോൾ ആ യുവാവിന്റെ മനസ്സലിഞ്ഞു. താനും കൂട്ടുകാരും പിറ്റേദിവസം ചെയ്യുവാൻ തുനിയുന്ന ഹീനമായ പ്രവൃത്തിയെക്കുറിച്ച് മനസ്താപമുണ്ടായി. അയാൾ കുടുംബാംഗങ്ങളുടെ മുമ്പാകെ, പിറ്റേന്ന് ചെയ്യുവാൻ തീരുമാനിച്ചിട്ടുള്ള കാര്യമെല്ലാം വെളിപ്പെടുത്തി. ഇനിയൊരിക്കലും അക്രമാസക്തരായ തന്റെ കൂട്ടുകാരുടെ പ്രവർത്തനങ്ങളിൽ ഏർപ്പെടുകയില്ലെന്ന് പ്രതിജ്ഞ ചെയ്തു. ആ യുവാവിനുണ്ടായ മനഃപരിവർത്തനം വിശുദ്ധ യൗസേപ്പ് പിതാവിന്റെ മദ്ധ്യസ്ഥതയിലാണെന്ന് ആ കുടുംബത്തിലുള്ള എല്ലാവരും വിശ്വസിച്ചു.

ജപം

ദൈവകുമാരന്റെ വളർത്തു പിതാവായ വിശുദ്ധ യൗസേപ്പേ, അങ്ങ് ഒരു ആശാരിയുടെ ജോലി ചെയ്തുകൊണ്ട് തിരുക്കുടുംബത്തെ പരിപാലിച്ചു വന്നല്ലോ. അതിലൂടെ തൊഴിലിന്റെ മാഹാത്മ്യവും രക്ഷാകർമ്മത്തിൽ തൊഴിലിനുള്ള സ്ഥാനവും ഞങ്ങൾക്കു കാണിച്ചു തന്നു. ഞങ്ങളും ഞങ്ങളുടെ ജീവിതാന്തസ്സിന്റെ ചുമതലകളും ദൈവപരിപാലനയിൽ നിങ്ങൾക്കു ലഭിക്കുന്ന ജോലികളും തൊഴിലുകളും വിശ്വസ്തതാപൂർവം നിർവഹിച്ചു കൊണ്ട് ജീവിതം ധന്യമാക്കുവാനുള്ള അനുഗ്രഹം പ്രാപിച്ചു തരണമേ. ജോലികളിലുണ്ടാകുന്ന ബുദ്ധിമുട്ടുകളും ത്യാഗങ്ങളും ഞങ്ങൾ ദൈവതിരുമനസ്സിനോടു യോജിപ്പിച്ചുകൊണ്ട് സന്തോഷത്തോടെ സ്വീകരിക്കുന്നതാണ്.

1 സ്വർഗ്ഗ. 1 നന്മ. 1 ത്രിത്വ.

വി. യൗസേപ്പപിതാവിന്റെ ലുത്തിനിയ

കർത്താവേ, അനുഗ്രഹിക്കണമേ
(കർത്താവേ...)
മിശിഹായെ, അനുഗ്രഹിക്കണമേ.
(മിശിഹായെ...)
കർത്താവേ, അനുഗ്രഹിക്കണമേ.
(കർത്താവേ...)
മിശിഹായെ, ഞങ്ങളുടെ പ്രാർത്ഥന കേൾക്കണമേ,
(മിശിഹായെ...)
മിശിഹായെ, ഞങ്ങളുടെ പ്രാർത്ഥന കൈക്കൊള്ളണമേ.
(മിശിഹായെ...)
ഞങ്ങളെ അനുഗ്രഹിക്കണമേ എന്ന് ഏറ്റു ചൊല്ലുക
സ്വർഗ്ഗസ്ഥനായ പിതാവേ,
ലോകരക്ഷകനായ ക്രിസ്തുവേ,

പരിശുദ്ധാത്മാവായ ദൈവമേ,
ഏകദൈവമായിരിക്കുന്ന പ. ത്രിത്വമേ,
ഞങ്ങൾക്കു വേണ്ടി അപേക്ഷിക്കണമേ എന്ന് ഏറ്റു ചൊല്ലുക
പരിശുദ്ധ മറിയമേ,
വിശുദ്ധ യൗസേപ്പേ,
ദാവീദിന്റെ വിശിഷ്ട സന്താനമേ,
ഗോത്രപിതാക്കളുടെ പ്രകാശമേ,
ദൈവജനനിയുടെ ഭർത്താവേ,
പരിശുദ്ധ കന്യകയുടെ നിർമ്മലനായ കാവൽക്കാരാ,
ദൈവകുമാരന്റെ വളർത്തുപിതാവേ,
മിശിഹായുടെ ജാഗ്രതയുള്ള സംരക്ഷകാ,
തിരുക്കുടുംബത്തിന്റെ നാഥനേ,
എത്രയും നീതിമാനായ വി. യൗസേപ്പേ,
മഹാ വിരക്തനായ വി.യൗസേപ്പേ,
മഹാ വിവേകിയായ വി. യൗസേപ്പേ,
മഹാ ധീരനായ വി. യൗസേപ്പേ,
അത്യന്തം അനുസരണയുള്ള വി. യൗസേപ്പേ,
മഹാ വിശ്വസ്തനായ വി. യൗസേപ്പേ,
ക്ഷമയുടെ ദർപ്പണമേ,
ദാരിദ്ര്യത്തിന്റെ സ്നേഹിതാ,
തൊഴിലാളികളുടെ മാതൃകയേ,
കുടുംബജീവിതത്തിന്റെ അലങ്കാരമേ,
കന്യകകളുടെ സംരക്ഷകാ,
കുടുംബങ്ങളുടെ ആധാരമേ,
നിർഭാഗ്യരുടെ ആശ്വാസമേ,
രോഗികളുടെ ആശ്രയമേ,
മരണാവസ്ഥയിൽ ഇരിക്കുന്നവരുടെ മദ്ധ്യസ്ഥാ,
പിശാചുക്കളുടെ പരിഭ്രമമേ,
തിരുസ്സഭയുടെ പാലകാ,
ഭൂലോക പാപങ്ങളെ നീക്കുന്ന ദൈവചെമ്മരിയാട്ടിൻ കുട്ടിയായിരിക്കുന്ന ഈശോ തമ്പുരാനേ,
കർത്താവേ, ഞങ്ങളുടെ പാപങ്ങൾ ക്ഷമിക്കണമേ
ഭൂലോക പാപങ്ങളെ നീക്കുന്ന ദൈവചെമ്മരിയാട്ടിൻ കുട്ടിയായിരിക്കുന്ന ഈശോ തമ്പുരാനേ,
കർത്താവേ, ഞങ്ങളുടെ പ്രാർത്ഥന കേൾക്കേണമേ.
ഭൂലോക പാപങ്ങളെ നീക്കുന്ന ദൈവചെമ്മരിയാട്ടിൻ കുട്ടിയായിരിക്കുന്ന ഈശോ തമ്പുരാനേ,
.
കർത്താവേ, ഞങ്ങളെ അനുഗ്രഹിക്കണമേ.
(നായകൻ) ദൈവം അദ്ദേഹത്തെ തന്റെ ഭവനത്തിന്റെ അധികാരിയായി നിയമിച്ചു.
(സമൂഹം) തന്റെ സകല സമ്പത്തുകളുടെയും നായകനുമാക്കി.

## പ്രാർത്ഥിക്കാം

അത്യന്തം നിർമ്മലമായ പരിശുദ്ധ കന്യകയ്ക്കു ഭർത്താവായി നീതിമാനും വിവേകിയും വിശുദ്ധനുമായ യൗസേപ്പിനെ തെരഞ്ഞെടുത്ത ദൈവമേ, ജീവിതത്തിന്റെ പ്രയാസങ്ങളിലും വേദനകളിലും മുഴുകിയിരിക്കുന്ന ഞങ്ങൾക്ക് ആശ്വാസവും ആശ്രയവും നൽകുന്ന പിതാവായി അദ്ദേഹത്തെ നിശ്ചയിച്ചതിൽ ഞങ്ങൾ നന്ദി പറയുന്നു. ഈ പിതാവിന്റെ മാദ്ധ്യസ്ഥം വഴി എല്ലാ അനുഗ്രഹങ്ങളും ഞങ്ങൾക്ക് നൽകണമെയെന്ന് ഞങ്ങൾ അപേക്ഷിക്കുന്നു. ആമ്മേൻ.

## സുകൃതജപം

തൊഴിലാളി മദ്ധ്യസ്ഥനായ വിശുദ്ധ യൗസേപ്പേ, ജോലിയുടെ മഹത്വം ഞങ്ങളെ പഠിപ്പിക്കണമേ.

+++